**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2886** **14-09-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ സാമ്പത്തിക തിരിമറി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 പ്രകാരം ടി പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി, നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപവരെ നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി-2023' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുവാനും ക്രമക്കേടുകൾ തടയുവാനും കേരളാ സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നത് പരിഗണനയിലാണ്. |
| (ബി) | ഭരണ സമിതികളും ജീവനക്കാരും സംഘത്തിൽ സാമ്പത്തിക തിരിമറി നടത്താതിരിക്കുവാൻ സഹകരണ വിജിലൻസ് വിഭാഗത്തിന്റെയും ഓഡിറ്റ് വിഭാഗത്തിന്റെയും നിരന്തര സമ്പർക്കം സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 16/08/2022-ലെ സ.ഉ അച്ചടി നം.144/2022/സഹ നം ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16/08/2022-നും, 03/11/2022-ലെ സ.ഉ അച്ചടി നം.199/2022/സഹ നം ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിൽ 03/12/2022നും ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. ടീം ഓഡിറ്റ് സംവിധാനം മറ്റ് ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & |

| | | | |
|---|---|---|---|
| | | | ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.കൂടാതെ സഹകരണ ഓഡിറ്റ് സംവിധാനം കൂടുതൽ ശക്തമാക്കുന്നതിന് കേരളാ സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നത് പരിഗണനയിലാണ്.<br><br>സഹകരണ മേഖലയിൽ ഒറ്റപ്പെട്ട രീതിയിൽ നടന്നു വരുന്ന ആശാസ്യകരമല്ലാത്ത നടപടികളുടെ പശ്ചാത്തലത്തിൽ സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേരളാ സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ